## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 829** **09-10-2024 - ൽ മറുപടിയ്ക്ക്**

### ലംപ്സം ഗ്രാന്റ് സംബന്ധിച്ച്

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. മമ്മിക്കുട്ടി</td><td colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് ഓരോ ക്ലാസ്സിലും എത്ര രൂപ വീതം ഒരോ കുട്ടിയ്ക്കും നൽകിവരുന്നു എന്ന് വിശദമാക്കാമോ;</td><td>(എ)</td><td>സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ അംഗീകൃത അൺ എയ്ഡഡ്, സ്കൂളുകളിലും ഒന്നു മുതൽ പത്തു വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് അനുവദിച്ചു വരുന്ന ലംപ്സംഗ്രാന്റ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വിഭാഗം</th><th>ലംപ്സംഗ്രാന്റ് നിരക്ക്</th></tr>
<tr><td>എൽപി (1മുതൽ 4 വരെ)</td><td>750/-</td></tr>
<tr><td>യുപി (5 മുതൽ 7 വരെ)</td><td>900/-</td></tr>
<tr><td>ഹൈസ്കൂൾ (8 മുതൽ 10 വരെ)</td><td>1000/-</td></tr>
</table></td></tr>
<tr><td>(ബി)</td><td>കേരള സംസ്ഥാനം രൂപീകൃതമായത് മുതൽ ഇന്ന് വരെ ഈ കുട്ടികൾക്ക് നൽകി വരുന്ന ലംപ്സം ഗ്രാന്റിന്റെ തുക എപ്പോഴൊക്കെയാണ് വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;</td><td>(ബി)</td><td>കേരള സംസ്ഥാനം രൂപീകൃതമായത് മുതൽ ലംപ്സംഗ്രാന്റ് വർദ്ധിപ്പിച്ചതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. എന്നാൽ 2008ലും 2012ലും ഏറ്റവും ഒടുവിൽ 2020ലും ലംപ്സംഗ്രാന്റ് വർദ്ധിപ്പിച്ചിട്ടുണ്ട് .</td></tr>
<tr><td>(സി)</td><td>ഒരു വർഷത്തേയ്ക്ക് ഇത്രയും ചെറിയ തുക നൽകുന്നത് കൊണ്ട് വിദ്യാർത്ഥികൾക്ക് എന്ത് ഗുണം ലഭിക്കും എന്ന് വിശദമാക്കാമോ;</td><td>(സി)</td><td>വിദ്യാർത്ഥികൾക്ക് പഠനത്തിനുള്ള പ്രോൽസാഹനം എന്ന നിരക്കിലാണ് ലംപ്സംഗ്രാന്റ് നൽകുന്നത് . ലംപ്സംഗ്രാന്റ് കൂടാതെ 1മുതൽ 8 വരെയുള്ള ക്ലാസിലെ കുട്ടികൾക്ക് എഡ്യൂക്കേഷൻ എയ്ഡ് ഇനത്തിൽ പ്രതിവർഷം 2000/- രൂപയും വിതരണം ചെയ്ത് വരുന്നു. കൂടാതെ പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർഥികൾക്കും പ്രതിമാസ സ്റ്റൈപ്പന്റ് നൽകി വരുന്നു.</td></tr>
<tr><td>(ഡി)</td><td>ലംപ്സം ഗ്രാന്റിന്റെ തുകയിൽ എന്തുകൊണ്ട് വർദ്ധനവ് വരുത്താൻ കഴിയുന്നില്ലെന്ന് വിശദമാക്കാമോ?</td><td>(ഡി)</td><td>വിദ്യാർത്ഥികൾക്ക് പഠനത്തിനുള്ള പ്രോൽസാഹനം എന്ന നിരക്കിലാണ് ലംപ്സംഗ്രാന്റ് നൽകുന്നത് . ലംപ്സംഗ്രാന്റ് കൂടാതെ 1മുതൽ 8 വരെയുള്ള ക്ലാസിലെ കുട്ടികൾക്ക് എഡ്യൂക്കേഷൻ എയ്ഡ് ഇനത്തിൽ</td></tr>
</table>

| | | | |
|---|---|---|---|
| | | | പ്രതിവർഷം 2000/- രൂപയും വിതരണം ചെയ്ത് വരുന്നു. കൂടാതെ പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർഥികൾക്കും പ്രതിമാസ സ്റ്റൈഫന്റ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ